ഉത്തരം

(എ) 4-3-2015-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം പഞ്ചായത്തുകളുടെ പദ്ധതി ചെലവ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്.

(ബി) പഞ്ചായത്തുകൾ 142091.63 ലക്ഷം രൂപ ചെലവഴിച്ചു തുടർ പദ്ധതികൾക്കായി 25491.24 ലക്ഷം രൂപ ചെലവഴിച്ചു

(സി) തുടർപദ്ധതിയിൽ ഉൾപ്പെടുത്തിയശേഷം തുക തിരിച്ചടച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

പത്തിയൂർ ഗ്രാമപഞ്ചായത്തിലെ ഒഴിവുകൾ

233 (1656) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ളി മണ്ഡലത്തിൽ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി, അസ്സിസ്റ്റന്റ് സെക്രട്ടറി, സൂപ്രണ്ട് എന്നിവർ ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ സുഗമായ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെങ്കിലും ജീവനക്കാർ പഞ്ചായത്തിന്റെ അറിവില്ലാതെ അവധിയിൽ പ്രവേശിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല.

പുനലൂർ മണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം

234 (1659) ശ്രീ. കെ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ, നിലവിൽ ജോലി ചെയ്യുന്നവർ, ഒഴിവുള്ളവ എന്നിവ ഇനം തിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ യോഗം പഞ്ചായത്ത് ഡെപ്യൂട്ടി സെക്രട്ടറിമാരുടെ യോഗം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എല്ലാ മാസവും വിളിച്ചു ചേർത്ത് പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിൽ പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ നിർവ്വഹണോദ്യോഗസ്ഥരുടെ ജില്ലാ മേധാവികളുടെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, പ്രസിഡന്റുമാർ എന്നിവരുടെയും സംയുക്തയോഗം വിളിച്ചുചേർക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് പുരോഗതി വിലയിരുത്തുന്നുണ്ട്. എസ്.സി. പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് സെക്രട്ടറിമാരുടെയും പ്ലാൻ ക്ലാർക്കുമാരുടെയും യോഗം പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് തലത്തിൽ വിളിച്ചുചേർത്ത് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

ഫ്ളക്സ് ബോർഡുകളുടെ നിരോധനം

235 (1660) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്ലക്സ് ബോർഡുകളുടെ നിരോധനം പ്രാബല്യത്തിലുണ്ടോ ;

(ബി) ചവറുകൾ നഗരത്തിൽ ഇടുന്നത് സംബന്ധിച്ച് തലസ്ഥാന നഗര കോർപ്പറേഷൻ ധാരാളം ഫ്ലക്സ് ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ഉത്തരം

(എ) ഉണ്ട്. 6-11-2014-ലെ സ.ഉ.(കൈ) നമ്പർ 195/2014/തസ്വഭവ ഉത്തരവ് പ്രകാരം പ്ലാസ്റ്റിക് ഫ്ളക്സ് ബോർഡുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.